കേരള സാഹിത്യ അക്കാദമി
തൃശൂർ

# കവർ രൂപകൽപന, പുസ്തകനിർമിതി, സ്റ്റാൾ അവാർഡുകൾ പ്രഖ്യാപിച്ചു

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തിന്റെ ഭാഗമായി കവർ രൂപകൽപന, പുസ്തകനിർമിതി, സ്റ്റാൾ അവാർഡുകൾ പ്രഖ്യാപിച്ചു.

കവർ രൂപകൽപന ഒന്നാംസമ്മാനം രാജേഷ് ചാലോടിനും, രണ്ടാംസമ്മാനം കെ.മിഥുൻദാസിനും ലഭിച്ചു. തൃശൂർ ഗ്രീൻ ബുക്സ് പ്രസിദ്ധീകരിച്ച ടെനി വർഗീസിന്റെ താഴ്‌വാരം എന്ന പുസ്തകത്തിന്റെ കവറിനാണ് രാജേഷ് ചാലോടിന് ഒന്നാംസമ്മാനം. കോഴിക്കോട് പൂർണ്ണ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ലിസിയുടെ ബോറിബന്തറിലെ പശു എന്ന പുസ്തകത്തിന്റെ കവറിനാണ് മിഥുൻദാസിന് രണ്ടാംസമ്മാനം.

പുസ്തകനിർമിതി ഒന്നാംസമ്മാനം 3000 ബി.സി. സ്ക്രിപ്റ്റ് മ്യൂസിയത്തിനും രണ്ടാംസമ്മാനം തൃശൂർ എച്ച് ആന്റ് സി പബ്ലിഷിങ് ഹൗസിനുമാണ്. സുഷിത്ത് ശിവദേവിന്റെ താമരപ്പൂ നീ ദൂരെ കണ്ടു മോഹിച്ചു എന്ന പുസ്തകത്തിന്റെ നിർമിതിക്കാണ് ഒന്നാംസമ്മാനം. പി.സുരേന്ദ്രന്റെ കല്ലുകൾ മഹാക്ഷേത്രങ്ങൾ എന്ന പുസ്തകത്തിന്റെ നിർമിതിക്കാണ് രണ്ടാംസമ്മാനം.

മികച്ച സ്റ്റാളിന് ഒന്നാംസമ്മാനം കോഴിക്കോട് ഐ ബുക്സിനും രണ്ടാംസമ്മാനം കോട്ടയം നാഷണൽ ബുക് സ്റ്റാളിനും ലഭിച്ചു.

കവർ രൂപകൽപന, പുസ്തകനിർമിതി എന്നിവയിൽ ഒന്നാംസമ്മാനം 3,000 രൂപയുടെ ക്യാഷ് അവാർഡും ഫലകവും സാക്ഷ്യപത്രവും, രണ്ടാംസമ്മാനം 2,000 രൂപയുടെ ക്യാഷ് അവാർഡും ഫലകവും സാക്ഷ്യപത്രവുമാണ് നൽകുക. മികച്ച സ്റ്റാളിനുള്ള ഒന്നും രണ്ടും സമ്മാനങ്ങൾക്ക് ഫലകവും സാക്ഷ്യപത്രവുമാണ്.

വിജയകുമാർമേനോൻ, പൊന്ന്യം ചന്ദ്രൻ, കെ.ജി.ബാബു എന്നിവരടങ്ങിയ ജഡ്ജിങ് കമ്മിറ്റിയാണ് അവാർഡുകൾ നിശ്ചയിച്ചത്. ഏപ്രിൽ 10 തിങ്കളാഴ്ച വൈകുന്നേരം 04:30-ന് ദേശീയ പുസ്തകോത്സവത്തിന്റെ സമാപനസമ്മേളനത്തിൽവെച്ച് സമ്മാനങ്ങൾ നൽകും.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

തൃശൂർ
07.04.2017